**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 464** **28-06-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായുള്ള മെഡിസെപ്പ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | മെഡിസെപ് പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ വിവരശേഖരണത്തിന്റെ ഭാഗമായുള്ള തെറ്റുതിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ എന്നിവ ഡി.ഡി.ഒ /നോഡൽ ഓഫീസർ/ ട്രഷറി ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി തയ്യാറാക്കുന്ന ഹോസ്പിറ്റൽ എംപാനൽമെന്റ് ലിസ്റ്റ് അടിയന്തിരമായി സർക്കാറിന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് പരസ്പര ഉടമ്പടി പ്രകാരം അടിയന്തിരമായി തന്നെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. |
| (ബി) | ഇക്കാര്യത്തിൽ ഇൻഷ്വറൻസ് കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്ത ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ഹോസ്പിറ്റൽ എംപാനൽമെന്റിന്റെ അന്തിമ പട്ടിക സർക്കാരിലേക്ക് സമർപ്പിച്ചാൽ ഉടൻ ഇൻഷ്വറൻസ് കമ്പനിയുമായി കരാറിൽ ഏർപ്പെടുന്നതാണ്. |
| (സി) | ആവശ്യത്തിന് ആശുപത്രികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ? | (സി) | **RFP**പ്രകാരം ആശുപത്രികളെ എംപാനൽ ചെയ്യുന്ന ചുമതല തെരഞ്ഞെടുക്കപ്പെട്ട ഇൻഷുറൻസ് കമ്പനിയ്ക്കാണ്. പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ അന്തിമ പട്ടിക കമ്പനി ഇതുവരെ കൈമാറിയിട്ടില്ല. കൂടാതെ പദ്ധതിയിൽ പരമാവധി ആശുപത്രികളെ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ